പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.*95

31/10/2019-ൽ
മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ

ചോദ്യം

**പ്രൊഫ.കെ.യു. അരുണൻ**
**ശ്രീ റ്റി.വി.രാജേഷ്**
**ശ്രീമതി.പി. അയിഷാ പോറ്റി**
**ശ്രീകെ.ഡി. പ്രസേനൻ**

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) 2014-15 കാലയളവിൽ നടന്ന ദേശീയപഠന സർവ്വേ പ്രകാരം സ്കൂൾ വിദ്യാഭ്യാസ ഗുണമേന്മയിൽ ദേശീയ ശരാശരിയെക്കാൾ പിന്നിലായിരുന്ന സ്ഥാനത്തുനിന്ന് നിതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം ഗുണമേന്മയിൽ തുടർച്ചയായി രണ്ടാം വർഷവും രാജ്യത്ത് ഒന്നാം സ്ഥാനം കൈവരിക്കുന്ന സ്ഥിതിയിലേക്ക് ഉയർത്തുന്നതിന് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗത്ത് നടത്തിയ പ്രവർത്തനം വിശദമാക്കാമോ;

(എ) 2019 സെപ്റ്റംബർ 30 ന് നീതി ആയോഗ് പുറത്തുവിട്ട സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സ് എന്ന റിപ്പോർട്ട് പ്രകാരം വിദ്യാഭ്യാസ രംഗത്തെ മൊത്തം പ്രകടനം കണക്കാക്കി കേരളം ഒന്നാം സ്ഥാനത്താണ്. നമുക്കു ലഭിച്ച സ്കോർ 82.2% ആണ്. 2016-17 അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ഈ സ്ഥാനം നൽകിയിരിക്കുന്നത്. ഈ പഠനത്തിൽ അടിസ്ഥാന വർഷമായി പരിഗണിച്ചിരിക്കുന്നത് 2015-16 ആണ്. പ്രസ്തുത വർഷം കേരളത്തിന്റെ സ്കോർ 77.6% ആയിരുന്നു. അക്കാദമിക കാര്യങ്ങൾക്ക് പരിഗണിച്ചിരിക്കുന്നത് 2017-18 ൽ നടന്ന നാഷണൽ അച്ചീവ്മെന്റ് സർവ്വെ ആണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ആദ്യത്തെ 2 വർഷത്തെ പ്രവർത്തനങ്ങൾ കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിച്ചതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. സ്കൂൾ ക്യാമ്പസ്സിനേയും ക്ലാസ്സ് മുറി വിനിമയത്തേയും പരിവർത്തിപ്പിച്ച് പൊതുവിദ്യാലയങ്ങളെ ജനാധിപത്യബോധവും മതനിരപേക്ഷ മൂല്യവും ഉൾക്കൊള്ളുന്ന മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ മുന്നോട്ട് വച്ച നിലപാട്.

ഇതിന്റെ ഭാഗമായി, അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന കാഴ്ചപ്പാട് മുന്നോട്ട് വച്ച് മുഴുവൻ വിദ്യാലയങ്ങളേയും മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഓരോ സ്കൂളിലും അക്കാദമിക മാസ്റ്റർപ്ലാൻ, വ്യക്തിഗത മാസ്റ്റർപ്ലാൻ എന്നിവ

തയ്യാറാക്കുകയും അനുയോജ്യമായ തുടർപ്രവർത്തനങ്ങൾ നടന്നു വരുകയും ചെയ്യുന്നു. കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്മാർട്ട് ക്ലാസ്സ് മുറികൾ, 'സമഗ്ര' വിദ്യാഭ്യാസ പോർട്ടലിൽ ആവശ്യമായ പഠന വിഭവങ്ങൾ, ടാലന്റ് ലാബ്, ജൈവ വൈവിധ്യ ഉദ്യാനം, അദ്ധ്യാപകർക്കു സമഗ്ര ശാക്തീകരണ പരിപാടി തുടങ്ങിയവ ഇതിലുൾപ്പെടും

| | |
|---|---|
| (ബി) അടിസ്ഥാന സൗകര്യ വികസനം, പഠനാവസരം, അധ്യയനഫലം, അവസര സമത്വം എന്നീ മേഖലകളിലെല്ലാം മുൻനിരയിലെത്തിക്കുന്നതിന് നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്; | (ബി) അടിസ്ഥാന സൗകര്യ വികനത്തിനായി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കാൻ 2017-18 ലെ ബഡ്ജറ്റിൽ അനുവദിച്ച - 141 സ്കൂളുകളിൽ 138 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 3 സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തു. അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 3 കോടി പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു, 28 സ്കൂളുകളുടെ DPR കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുള്ളതിൽ 26 സ്കൂളുകളുടെ നിർമ്മാണത്തിനായി കൈറ്റ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. 39 സ്കൂളുകളുടെ നിർമ്മാണച്ചുമതല SPV യായ ഇൻകലിന് നൽകിയിട്ടുള്ളതിൽ 25 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. 2018-19 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 1000 കുട്ടികളിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപ അനുവദിക്കുന്നതിന്റെ ഭാഗമായി, 166 സ്കൂളുകൾക്ക് ഭരണാനുമതി നൽകി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPV യായി INKEL നെ ചുമതലപ്പെടുത്തി. 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെ 446 സ്കൂളുകൾക്ക് ഭരണാനുമതി നൽകി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPV യായി KILA യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി നിരവധി അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി |

വരുന്നു. 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഇ-റിസോഴ്സ് ഉറപ്പാക്കാൻ 'സമഗ്ര'പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലെ ഹൈടെക് പ്രവർത്തനങ്ങൾക്ക് 9,941 സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിയും നടപ്പിലാക്കി വരുന്നു. ഭാഷാ വികാസത്തിനും പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി ആക്ഷൻ പ്ലാനുകളാക്കി നടപ്പിലാക്കിവരുന്നു. സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകളും ഓട്ടിസം പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെ വലിയതോതിലുള്ള പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

അവസര സമത്വത്തിന്റെ രംഗത്ത് കേരളം ബഹുദൂരം മുന്നിലാണ്. കേരളത്തിന്റെ സ്കോർ 95.4% ആണ്. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ കുട്ടികൾക്ക് നൽകുന്ന പരിഗണന, നഗര ഗ്രാമ അന്തരം ഇല്ലാതാക്കുന്നതിനുള്ള ശ്രമങ്ങൾ, ആൺകുട്ടി - പെൺകുട്ടി സമത്വം, പ്രത്യേക പരിഗണന വേണ്ടവർക്കുള്ള പിന്തുണ എന്നിവയെല്ലാം അടങ്ങുന്നതാണ് ഈ ഘടകം.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളെ മികവുറ്റ സ്ഥാപനങ്ങളാക്കിത്തീർക്കുന്നതിന് കിഫ്ബി ഫണ്ട് ഉൾപ്പെടെ വിനിയോഗിച്ചുകൊണ്ട് അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

(സി) മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് തെരഞ്ഞെടുത്ത 141 സ്കൂളുകളെ 5 കോടി രൂപ വീതം ചിലവഴിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ 8 സ്കൂളുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് കൈമാറിക്കഴിഞ്ഞു. ഈ മാസം മൂന്ന് സ്കൂളുകളിലെ പ്രവൃത്തി പൂർത്തിയാക്കി കൈമാറാൻ കഴിയുമെന്ന് കരുതുന്നു. 48 സ്കൂളുകളിൽ 60%-ൽ അധികം പണികൾ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 3 കോടി രൂപ വീതം ചെലവഴിച്ച് നിർമാണപ്രവർത്തനങ്ങൾ നടത്തുന്നതിൽ 7 സ്കൂളുകൾ

പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്. ഈ മാസം ഒരു സ്കൂൾ കൂടി കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 29 സ്കൂളുകളിൽ 60%-ൽ കൂടുതൽ പണികൾ പൂർത്തീകരിച്ചു. ബാക്കി സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

Nanitha. P

**സെക്ഷൻ ഓഫീസർ**